**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഔട്ട്‌ലെറ്റുകൾ വഴിയുള്ള പച്ചക്കറി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. രാജ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും പച്ചക്കറികൾ ശേഖരിച്ച് ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിശാലമായ വിപണി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോരച്ചന്തകൾ, ഗ്രാമച്ചന്തകൾ, പ്രീമിയം ഔട്ട് ലെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന 1924 മാർക്കറ്റുകളുടെ വിപുലമായ ഒരു ശൃംഖല പ്രവർത്തന സജ്ജമാക്കുകയും, ഉൽപ്പാദന കേന്ദ്രങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം,പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, നഗര കേന്ദ്രങ്ങൾ ഉൾപ്പടെ ഉൽപ്പന്നങ്ങൾ ദുർലഭമായ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 295 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളത്തിനു (വി.എഫ്.പി.സി.കെ) കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. ഇതു കൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേയ്ക്ക് എത്തിക്കുന്നതിന് ‘സസ്യ’ എന്ന പേരിൽ 47ഉം, തളിർ ഗ്രീൻ എന്ന പേരിൽ 63ഉം, ചില്ലറ വിൽപ്പനശാലകളും, 2 തളിർ പ്രീമിയം ഔട്ട് ലെറ്റുകളും വി.എഫ്.പി.സി.കെ യുടെ |

കീഴിൽ പ്രവർത്തിച്ചുവരുന്നു. സ്വാശ്രയ കർഷക സമിതികളിൽ നിന്നും ന്യായവിലയ്ക്ക് സംഭരിക്കുന്ന പഴം-പച്ചക്കറികൾ ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ഇവ സഹായിക്കുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് പഴം പച്ചക്കറി ബ്രാൻഡഡ് സൂപ്പർ മാർക്കറ്റ് ഈ വർഷം പ്രവർത്തനക്ഷമമാകുന്നതാണ്.

ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്. അവയുടെ കീഴിൽ 78 സ്വന്തം സ്റ്റാളുകളും 192ലൈസൻസി സ്റ്റാളുകളും ഉണ്ട്. ഈ കേന്ദ്രങ്ങൾ മുഖേന ഇടനിലക്കാരെ ഒഴിവാക്കി കൊണ്ട് ഹോർട്ടികോർപ്പ് പഴം പച്ചക്കറി സംഭരണ വിതരണ രംഗത്തിൽ കാര്യക്ഷമമായി ഇടപെടുന്നു. പഴം പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതു ജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തു നിന്നും തന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140 ഗ്രാമശ്രീ ഹോർട്ടീബസാറുകളും എല്ലാ പഞ്ചായത്ത് / കോർപ്പറേഷൻ / മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർ സ്റ്റാളുകളും വരും വർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടിയും ഹോർട്ടീകോർപ്പ് സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ബ്ലോക്ക്തല സംഭരണ ഉപകേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു.

ആർ.ഐ.ഡി.എഫ്, മിഷൻഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഫോർ ഹോർട്ടികൾച്ചർ (MIDH) ഫണ്ടുകൾ ഉപയോഗിച്ച് കേരളസ്റ്റേറ്റ് ലാന്റ്ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽനിന്നുണ്ടാകുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പനങ്ങൾക്ക് രാജ്യ വ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്ന തിനും, ലക്ഷ്യമിട്ട് "കേരളഗ്രോ'' എന്ന പേരിൽ ഒരു ട്രേഡ് മാർക് രജിസ്റ്റർ ചെയ്ത് കേരളഗ്രോ ബ്രാൻഡിംഗ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ജില്ലകൾതോറും ആരംഭിക്കുന്ന "കേരളഗ്രോ" ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ബി) | പച്ചക്കറികൾ കേടുകൂടാതെ ശീതീകരണ സൗകര്യങ്ങളോട് കൂടി ശേഖരിക്കുന്നതിന് സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2021-22-ലെ കാർഷിക വിപണന ശാക്തീകരിക്കൽ പദ്ധതിയുടെ ഭാഗമായി വിപണനത്തിനായി വാഹന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ഘടകത്തിൽ ഉൾപ്പെടുത്തി എഫ്.പി.ഒ-കൾ, സഹകരണ സംഘങ്ങൾ, സ്വാശ്രയ കർഷക സമിതികൾ, മറ്റ് കർഷക കൂട്ടായ്മകൾ എന്നിവക്കായി 19 ശീതികരിച്ച പഴം പച്ചക്കറി വാഹനങ്ങൾ (റീഫർ വാനുകൾ) നൽകിയിട്ടുണ്ട്.<br><br>പച്ചക്കറികൾ കേടുകൂടാതെ ശീതീകരണ സൗകര്യങ്ങളോടുകൂടി ശേഖരിക്കുന്നതിന് വി.എഫ്.പി.സി.കെ. യുടെ കീഴിൽ വയനാട്, തൃശ്ശൂർ ജില്ലകളിലെ പായ്ക്ക് ഹൗസുകളിൽ 10 മെട്രിക് ടൺ സംഭരണശേഷിയുള്ള കോൾഡ് സ്റ്റോറേജ് സൗകര്യം നിലവിലുണ്ട്.<br><br>ഇടുക്കി ജില്ലയിൽ ഉൽപ്പാദിക്കപ്പെടുന്ന ശീതകാല പച്ചക്കറികൾ ശേഖരിച്ച് സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിനായി ഒരു കോൾഡ് ചെയിൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2024-25 വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സ്വകാര്യ സംരംഭകർ ഉൾപ്പടെയുള്ളവർക്ക് ശീതികരിച്ച പഴം പച്ചക്കറി വാഹനങ്ങൾ (റീഫർ വാനുകൾ) പരമാവധി 50% വരെ സബ്സിഡി നിരക്കിൽ നൽകുന്നതിന് SHM – MIDH പദ്ധതി നിലവിലുണ്ട്.<br><br>കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻകേരള നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി, കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളത്തിൽ സെന്റർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിനായി നടപടി പൂർത്തീകരണത്തോട് അടുക്കുന്നു. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (K.I.A.L) നിർവഹണ ഏജൻസിയായി നടപ്പാക്കുന്ന 859.194 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ ഈ പദ്ധതിക്ക് 400 ലക്ഷം രൂപയാണ് RIDF ധനസഹായം. |
| (സി) | സംസ്കരിച്ച മൂല്യവർദ്ധിത തേൻ ഉല്പന്നങ്ങൾ പ്രസ്തുത ഔട്ട്‌ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. ഹോർട്ടീകോർപ്പിന്റെ ഔട്ട് ലെറ്റുകൾ, പ്രീമിയം സ്റ്റാളുകൾ എന്നിവയിലൂടേയും 'മധുകണം' ഔട്ട് ലെറ്റുകൾ വഴിയും മൂല്യ വർദ്ധിത തേൻ ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നു. ഹോർട്ടികോർപ്പ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കർഷക സംരംഭകർ, എഫ്.പി.ഒ എഫ്.പി.സി.കൾ, മറ്റ് കർഷക കൂട്ടായ്മകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന, സംസ്കരിച്ചെടുക്കുന്ന തേനും, തേനിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കൃഷി വകുപ്പിന്റെയും, ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ. യുടെയും നിയന്ത്രണത്തിലുള്ള ഔട്ട് ലെറ്റുകൾ വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴിയും ഗുണമേന്മ ഉറപ്പാക്കി 'കേരളാഗ്രോ' ബ്രാൻഡിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ